"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2025 വർഷത്തെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് അധികമായി ആവശ്യം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2018/2025/LSGD തീയതി,തിരുവനന്തപുരം, 14-08-2025

---

പരാമർശം:- 1. 11/08/2023-ലെ സ.ഉ.(സാധാ) നം. 1640/2023/തസ്വഭവ

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/08/2025-ലെ 7469/J1/2019/KSHO നം. കത്ത്.

**ഉത്തരവ്**

2025 വർഷത്തെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ആയതിലേയ്ക്കായി ഓരോ റൂറൽ സി.ഡി.എസിനും നഗരസഭാതലത്തിൽ ഓരോ സി.ഡി.എസിനും 20000/-രൂപ വീതം രണ്ടു മേളകൾ നടത്തുന്നതിന് കുടുംബശ്രീ അനുവദിച്ചിട്ടുള്ളതിൽ അധികമായി ആവശ്യം വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ പരമാവധി തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 - ലെ ഓണം വിപണനമേള കുടുംബശ്രീ സി.ഡി.എസുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതിന് കുടുംബശ്രീ വിഹിതം, പങ്കാളിത്ത ഫീസ്, സ്പോൺസർഷിപ്പ് എന്നീ ഇനങ്ങളിൽ ലഭ്യമായതിൽ അധികമായി ആവശ്യം വരുന്ന ചെലവുകൾക്ക് ഒരു ഗ്രാമ സി.ഡി.എസ്സിന് പരാമവധി ഒരു ലക്ഷം രൂപ വരെയും നഗരസഭാതലത്തിൽ ഓരോ സി.ഡി.എസിനും ഒന്നര ലക്ഷം രൂപ വരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിനു വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/222/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 14-08-2025 16:33:36

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസിന്.